ടി.എം.ജി. പാനൽ പുനഃസ്ഥാപിക്കാനുള്ള നടപടി

147 (930)ശ്രീ. കെ.പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കാങ്കോൽ 110 കെ.വി. സബ്സ്റ്റേഷനിലെ ടി. എം.ജി. പാനൽ തകരാറിലായത് കാരണം ഈ പ്രദേശങ്ങളിലെ വൈദ്യുതി വിതരണം പലപ്പോഴും മുടങ്ങുന്ന സ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ടി.എം.ജി. പാനൽ പുനഃസ്ഥാപിക്കാനുള്ള എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി)പയ്യന്നൂർ സബ് സ്റ്റേഷനിൽ സ്ഥാപിച്ചിട്ടുള്ള ടി.എം.ജി. നിർമ്മിതമായ 11 കെ.വി. ഇൻഡോർ പാനലുകൾ സബ്സ്റ്റേഷൻ കമ്മിഷൻ ചെയ്ത കാലം മുതൽ വൈദ്യുതി തടസ്സങ്ങൾ സൃഷ്ടിക്കാതെ പ്രവർത്തിച്ചുവരികയായിരുന്നു. എന്നാൽ കാലപ്പഴക്കം, തേയ്മാനം മുതലായ കാരണങ്ങൾമൂലവും അത്യാവശ്യ സ്പെയർ പാർട്സുകളുടെ ദൗർലഭ്യംമൂലവും ഇപ്പോൾ ചില സമയങ്ങളിൽ ഇതിന്റെ പ്രവർത്തനത്തിൽ തടസ്സങ്ങൾ വരുന്നുണ്ട്. ഇത് പരിഹരിക്കാനായി 15 പാനൽ സെറ്റ് സ്ഥാപിക്കുവാനായി 79 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റിന് ബോർഡ് അനുമതി നൽകിക്കഴിഞ്ഞു. ഇവ കഴിയുംവേഗം സ്ഥാപിക്കുന്നതാണ്.

ആറന്മുള നിയോജകമണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനുള്ള നടപടി

148 (931)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിൽ വോൾട്ടേജ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഇതിൽ ഏതൊക്കെ ട്രാൻസ്ഫോർമറുകളുടെ പണി പൂർത്തിയായിട്ടുണ്ട്;

(സി) ഏതൊക്കെ ട്രാൻസ്ഫോർമറുകളുടെ പണി ഇപ്പോൾ നടക്കുന്നുണ്ട്;

(ഡി) അനുവദിച്ച ട്രാൻസ്ഫോർമറുകളുടെ കൂട്ടത്തിൽ പണി ആരംഭിക്കാത്തത് ഏതെല്ലാമാണ്;

(ഇ) തോട്ടപ്പുഴശ്ശേരി പഞ്ചായത്തിലെ മരാമൺ, വെള്ളങ്ങൂർ എന്നീ സ്ഥലങ്ങളിൽ അനുവദിച്ച ട്രാൻസ്ഫോർമറുടെ പണി ആരംഭിക്കാൻ എന്താണ് തടസ്സമെന്ന് അറിയിക്കുമോ;

(എഫ്)പ്രസ്തുത മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം കണക്കിലെടുത്ത് കൂടുതൽ ട്രാൻസ്ഫോർമറുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly